ബ്രഹ്മാ ബാബയുടെ മറ്റു രണ്ടു ചുവടുകള് ആജ്ഞാനുകാരി, വിശ്വസ്തന്

ഇന്ന് ബാപ്ദാദ നാനാ ഭാഗത്തേയും സ്നേഹിയും സഹയോഗിയും ആയ കുട്ടികളെയും ശക്തിശാലി സമാന കുട്ടികളെയും കാണുകയാണ്. സ്നേഹി എല്ലാ കുട്ടികളും ആണ് എന്നാല് ശക്തിശാലി യഥാശക്തിയാണ്. സ്നേഹി കുട്ടികള്ക്ക് സ്നേഹത്തിന്റെ പകരം കോടിമടങ്ങ് സ്നേഹവും സഹയോഗവും പ്രാപ്തമാകുന്നു.ശക്തിശാലി സമാന കുട്ടികള്ക്ക് സദാ സഹജ വിജയി ഭവയുടെ പകരം ലഭിക്കുന്നു. ലഭിക്കുന്നുണ്ട് എല്ലാവര്ക്കും. സ്നേഹി കുട്ടികള് യഥാശക്തിശാലി ആകുന്നത് കാരണം സദാ സഹജ വിജയത്തിന്റെ അനുഭവം ചെയ്യാന് കഴിയുന്നില്ല. ഇടയ്ക്ക് സഹജം ഇടയ്ക്ക് പരിശ്രമം. ബാപ്ദാദ സ്നേഹി കുട്ടികള്ക്കും പരിശ്രമത്തെ സഹജമാക്കുന്നതിനുള്ള സഹയോഗം നല്കുന്നു എന്തെന്നാല് സ്നേഹി ആത്മാക്കള് സഹയോഗിയായും കഴിയുന്നു.അപ്പോള് സഹയോഗത്തിനുള്ള പകരമായി ബാപ്ദാദസഹയോഗം തീര്ച്ചയായും നല്കുന്നു പക്ഷേ യോഗം യഥാര്ത്ഥമാകാത്ത കാരണം സഹയോഗം ലഭിച്ചുകൊണ്ടും പ്രാപ്തിയുടെ അനുഭവം ചെയ്യാന് കഴിയുന്നില്ല.യോഗത്തിലൂടെ തന്നെ സഹയോഗത്തിന്റെ അനുഭവം ഉണ്ടാകുന്നു. ശക്തിശാലി സമാന കുട്ടികള് സദാ യോഗയുക്തമാണ് അതിനാല് സഹയോഗത്തിന്റെ അനുഭവം ചെയ്തു സഹജ വിജയിയായി മാറുന്നു.എന്നാല് ബാബയ്ക്ക് രണ്ട് കുട്ടികളും പ്രിയപ്പെട്ടവരാണ്.സ്നേഹവും സദാ വിജയി ആകുന്നതിനുള്ള ശുഭ ആഗ്രഹം എല്ലാ കുട്ടികള്ക്കും മേലും ഉണ്ട് എന്നാല് ശക്തി കുറവാകുന്നത് കാരണത്താല് സമയത്ത്സര്വ്വ ശക്തികളും കാര്യത്തില് ഉപയോഗിക്കാന് സാധിക്കുന്നില്ല.ബാബ സമ്പത്തിന്റെ അധികാരമായി സര്വ്വ ശക്തികളുടെ അധികാരം എല്ലാ കുട്ടികള്ക്കും നല്കുന്നു. അധികാരം നല്കുന്നതില് ബാപ്ദാദ വ്യത്യാസം വെക്കുന്നതില്ല എല്ലാവരെയും സമ്പൂര്ണ്ണ അധികാരി ആക്കുന്നു എന്നാല് എടുക്കുന്നതില് യഥാക്രമം ആകുന്നു. ബാപ്ദാദ ചിലര്ക്ക് സ്പെഷ്യല്, ചിലര്ക്ക് പ്രത്യേക ട്യൂഷന് നല്കുന്നുണ്ടോ? നല്കുന്നില്ല. പഠിപ്പ് എല്ലാവര്ക്കും ഒന്നാണ്, പാലന എല്ലാവര്ക്കും ഒന്നാണ്. പാണ്ഡവര്ക്ക് വേറെ പാലന ശക്തികള്ക്ക് വേറെ ഇങ്ങനെയുണ്ടോ? എല്ലാവര്ക്കും ഒരേ പോലെ പാലനയും പഠിപ്പും ആണ്.എന്നാല് എടുക്കുന്നതില് റിസള്റ്റില് എത്ര വ്യത്യാസമുണ്ടാകുന്നു! അഷ്ടരത്നം എവിടെ, 16108 രത്നം എവിടെ? എത്ര വ്യത്യാസമാണ്? ഈ വ്യത്യാസം എന്തുകൊണ്ട് ഉണ്ടായി? പഠിപ്പിനെയും പാലനയെയും വരദാനങ്ങളെയും ധാരണ ചെയ്യുക കാര്യത്തില് ഉപയോഗിക്കുക ഇതില് അന്തരം ഉണ്ടാകുന്നു. പല കുട്ടികളും ധാരണയും ചെയ്യുന്നു എന്നാല് സമയനുസരണം കാര്യത്തില് ഉപയോഗിക്കാന് അറിയുന്നില്ല. ബുദ്ധി വരെ വളരെ നിറഞ്ഞിട്ടാകും എന്നാല് കര്മ്മത്തിലേക്ക് വരുന്നതില് വ്യത്യാസം വീഴുന്നു.

ബ്രഹ്മ ബാബ എന്തുകൊണ്ട് നമ്പര് വണ് ആയി?രണ്ട് ചുവട് ആദ്യം കേള്പ്പിച്ചുവല്ലോ! മൂന്നാമത് സദാ അച്ഛന്, ടീച്ചര്, സദ് ഗുരുവിന്റെ ആജ്ഞാനുവര്ത്തിയായി. ഓരോ ആജ്ഞയും ശരി തയ്യാര് എന്ന് എടുത്തു. ബാബയുടെ ആജ്ഞയാണ് സദാ സര്വ്വ ഖജനാക്കളുടെ സമ്പത്തിനാല് സമ്പന്നമാകുക, ആക്കുക. അപ്പോള് പ്രത്യക്ഷത്തില് കണ്ടു സര്വ്വ ഖജനാക്കള് - ജ്ഞാനം,ശക്തികള്,ഗുണങ്ങള്,ശ്രേഷ്ഠ സമയം, ശ്രേഷ്ഠ സങ്കല്പ്പങ്ങളുടെ ഖജനാക്കള് ആദ്യദിവസം മുതല് അവസാന ദിനം വരെ കാര്യത്തില് ഉപയോഗിച്ചു. അവസാന ദിനത്തിലും സമയം,സങ്കല്പം കുട്ടികളെ പ്രതി ഉപയോഗിച്ചു. ജ്ഞാനത്തിന്റെ ഖജനാവ്, ഓര്മ്മയുടെ ശക്തി , സഹനശീലതയുടെ ഗുണത്തിന്റെ സ്വരൂപം ഈ എല്ലാ ഖജനാക്കള് അവസാന സമയം വരെ ശരീരത്തെ പോലും മറന്നു സേവനത്തില് പ്രായോഗികമായി ഉപയോഗിച്ച് കാണിച്ചു. അപ്പോള് ഇതിനെയാണ് പറയുന്നത് ആജ്ഞാനുകാരി നമ്പര്വണ് കുട്ടി എന്തുകൊണ്ട് എന്നാല് അച്ഛന്റെ വിശേഷആജ്ഞ ഇതാണ് ഓര്മ്മയിലും സേവനത്തിലും സദാ ബാപ്സമാനം ആകണം. അപ്പോള് ആദി മുതല് അന്തിമ നിമിഷം വരെ രണ്ട് ആജ്ഞകളെയും പ്രാക്ടിക്കലില് കണ്ടില്ലേ? സ്നേഹത്തിന്റെ ലക്ഷണമാണ് ഫോളോ ചെയ്യുക. അപ്പോള് പരിശോധിക്കു ആദി മുതല് ഇപ്പോള് വരെ സര്വ്വ ഖജനാക്കളെയും സ്വയത്തിന് ഒപ്പം ഒപ്പം ഒപ്പം സേവനത്തില് ഉപയോഗിച്ചുവോ? ബാബയുടെ ആജ്ഞ ഒരു ശ്വാസമോ സങ്കല്പമോ സെക്കന്ഡോ വ്യര്ത്ഥമാക്കി കളയരുത്. മുഴുവന് ദിവസത്തില് ഈ ആജ്ഞ പ്രാക്ടിക്കലില് കൊണ്ടുവന്നുവോ? അതോ ഇടയ്ക്ക് കൊണ്ടുവന്നു ഇടയ്ക്ക് കൊണ്ടുവന്നില്ല? അഥവാ ഇടയ്ക്കിടെ ആജ്ഞാനവര്ത്തിയായി ഇടയ്ക്ക് ആകുന്നില്ല എങ്കില് ഏത് ലിസ്റ്റില് പോകും? അഥവാ ബാപ്ദാദ ആജ്ഞാനവര്ത്തിയുടെ ലിസ്റ്റ് പുറത്തിറക്കിയാല് താങ്കള് ഏതു ലിസ്റ്റില് ആകും? അവനവനെ അറിയാമല്ലോ?

എന്തുകൊണ്ടെന്നാല് താങ്കള് എല്ലാവരും സര്വ്വ ഖജനാക്കളുടെയും ട്രസ്റ്റി,അധികാരിയാണ്. അപ്പോള് ഒരു സങ്കല്പം പോലും ബാബയുടെ ആജ്ഞ കൂടാതെ ഉപയോഗിക്കുവാന് സാധിക്കുകയില്ല. അതോ ചിന്തിക്കുകയാണോ ഞാന് ബാലകനില് നിന്നും അധികാരിയാണ് അതിനാല് വ്യര്ഥമാക്കി കളയുകയാണെങ്കിലും എന്ത് തന്നെ ചെയ്താലും ഇതില് ബാബയ്ക്ക് എന്താണ്! ബാബ നല്കി , ഇപ്പോള്എന്തിന് കണക്ക് പറയുന്നു? ഇല്ല. താങ്കള് പതിവായി ബാബയ്ക്ക് മുന്നില് പറയുന്ന എല്ലാം നിന്റേതാണ് എന്റേതല്ല. പറയുന്നില്ലേ! അതോ സമയത്ത് എന്റെ സമയത്ത് നിന്റെ എന്നാണോ! നമ്മുടെ സ്വാര്ത്ഥത വരുമ്പോള് എന്റേത് അങ്ങനെയാകുമ്പോള് നിന്റേതും ഇങ്ങനെ സാമര്ത്ഥ്യം ചെയ്യുന്നില്ലല്ലോ? ബ്രഹ്മ ബാബയെ കണ്ടു തന്റെ വിശ്രമത്തിന്റെ സമയത്തും വിചാരസാഗര മഥനം ചെയ്തു കുട്ടികളെ പ്രതി ഉപയോഗിച്ചു. രാത്രിയിലും ഉണര്ന്ന് കുട്ടികള്ക്ക് യോഗത്തിന്റെ ശക്തി നല്കിക്കൊണ്ടിരുന്നു. ഈ ചരിത്രം കേട്ടിട്ടില്ലേ!ബ്രഹ്മാവിന്റെ കഥ കേട്ടതല്ലേ? ഫോളോ ഫാദര് ചെയ്തുവോ അതോ കേവലം കേട്ടുവോ? കേള്ക്കുക അര്ത്ഥം ചെയ്യണം.

അപ്പോള് മൂന്നാമത്തെ ചുവട് സദാ തയ്യാര്, സദാ പ്രഭുവിനു മുമ്പില് ഹാജര് തയ്യാര്. ഒരിക്കലും ബ്രഹ്മ ബാബയില്നിന്ന് ശിവ ബാബ വേറിട്ടതേയില്ല. ഹാജരായി തയ്യാറായിരുന്നില്ലേ! കുട്ടി പറഞ്ഞു ബാബാ , ബാബ പറഞ്ഞു മധുരമായ കുട്ടി. അപ്പോള് മനസ്സിന്റെ സ്ഥിതിയില് സദാ ഹാജരായി പ്രത്യക്ഷമായി അനുഭവം ചെയ്തു. സേവനത്തില് സദാ തയ്യാര് എന്നായിരുന്നു. രാത്രി ആകട്ടെ പകല് ആകട്ടെ സേവനത്തിന്റെ നിര്ദ്ദേശം ലഭിച്ചു, പ്രായോഗികമാക്കി. കര്മ്മത്തില് സദാ ശരി പറഞ്ഞു. ശരി പ്രഭു എന്ന പാഠം പഠിച്ചില്ലേ?അപ്പോള് താങ്കള് എന്താണ് ഫോളോ ചെയ്യുന്നത്? ഇടയ്ക്ക് ശരി പ്രഭു ഇടയ്ക്ക് ഇല്ല പ്രഭോ എന്നല്ലല്ലോ? അപ്പോള് സ്നേഹത്തിന്റെ തെളിവ് കാണിക്കു.ഇങ്ങനെ ചിന്തിക്കരുത് എത്രത്തോളം ബാബയോട് എനിക്ക് സ്നേഹമുണ്ട് അത്രയും മറ്റാര്ക്കും ഇല്ല. എന്റെ ഹൃദയത്തില് നോക്കു എന്തു കാണിക്കണം, എന്ത് കേള്പ്പിക്കണം......... കുട്ടികള് ഇങ്ങനെ ഗീതം പാടുന്നു. എന്നാല് തെളിവ് കാണിക്കു. തെളിവാണ് ഫോളോ ഫാദര്. അപ്പോള് പരിശോധിക്കു സ്ഥിതിയില് സേവനത്തില് കര്മ്മത്തില് അതായത് സംബന്ധ സമ്പര്ക്കത്തില് (സംബന്ധത്തിലും സമ്പര്ക്കത്തിലും വരുന്നത് തന്നെ കര്മ്മമാണ്) മൂന്നിലും സദാ ഫോളോ ഫാദര് ആണോ? ഓരോ ആജ്ഞയും വെറും ബുദ്ധി വരെ ഇരിക്കുകയാണോ കര്മ്മത്തിലേക്കും വരുന്നുണ്ടോ? റിസള്ട്ടില് കാണപ്പെടുന്നുണ്ട് ബുദ്ധിയിലും വാക്കിലും 100 കാര്യം ഉണ്ട് എങ്കില് കര്മ്മത്തില് അമ്പതാണ്. അപ്പോള് അവരെ ഫോളോ ഫാദര് പറയുമോ? പകുതി റിസള്ട്ട് ഉള്ളവരെ ഫോളോ ഫാദറിന്റെ ലിസ്റ്റില് വയ്ക്കുമോ?താങ്കള് എന്ത് വിചാരിക്കുന്നു? അവര് ആജ്ഞാനുവര്ത്തിയാണോ? അതോ താങ്കള് പകുതിയില് തൃപ്തനാണോ? അല്പാല്പ്പം വ്യത്യാസം ഇഷ്ടമാണ്! ആരംഭത്തില് മാലയും ഉണ്ടാക്കിയിരുന്നു ഗോള്ഡന് സില്വര് ലിസ്റ്റും പുറത്തിറക്കിയിരുന്നു. അപ്പോള് ഇനി വീണ്ടും ലിസ്റ്റ് പുറത്തിറക്കണോ?അതോ സില്വറില് പേര് കണ്ട് കോപ്പര് ആയി മാറുമോ?

സമയത്തിന്റെ സൂചന ബാബ നല്കിക്കൊണ്ടിരിക്കുകയാണ് എന്നാല് പ്രകൃതിയും നല്കിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിയും വെല്ലുവിളിച്ചു കൊണ്ടിരിക്കുകയാണ് അപ്പോള് സമയത്തിനനുസരിച്ച് താങ്കള് മറ്റുള്ളവര്ക്കും സൂചന നല്കിക്കൊണ്ടിരിക്കുന്നു. ഭാഷണങ്ങളില് എല്ലാവരോടും പറയുന്ന സമയം വന്നു കഴിഞ്ഞു സമയം വന്നു കഴിഞ്ഞു. അപ്പോള് അവനവനോടും പറയുന്നുണ്ടോ അതോ മറ്റുള്ളവരോട് മാത്രം പറയുകയാണോ? മറ്റുള്ളവരോട് പറയുക സഹജമാകുന്നല്ലോ?അപ്പോള് സ്വയവും ഈ വെല്ലുവിളി സ്മൃതിയില് കൊണ്ടുവരൂ.സമയത്തിനനുസരിച്ച് സ്വന്തം പുരുഷാര്ത്ഥത്തിന്റെ ഗതി എന്താണ്? ബാപ്ദാദ ഒരു കാര്യത്തില് ഉള്ളിന്റെയുള്ളില് പുഞ്ചിരിച്ചു കൊണ്ടിരിക്കുന്നു. ഏതു കാര്യത്തില് പുഞ്ചിരിക്കുകയാണ് അറിയാമോ? ഒരു വശത്ത് ഭൂരിഭാഗം കുട്ടികളും ഇടയ്ക്കിടെ ഒരു സെക്കന്ഡ് ഇത് ചിന്തിക്കുന്നു സമയത്തിനനുസരിച്ച് പുരുഷാര്ത്ഥത്തില് തീവ്രത ഉണ്ടാകണം മറുവശത്ത് മായ തന്റെ പ്രഭാവം വീഴ്ത്തുന്നു അപ്പോള് രണ്ടാമത്തെ സെക്കന്ഡ് ഇത് ചിന്തിക്കുന്നു ഇതൊക്കെ നടക്കുക തന്നെ ചെയ്യുന്നു, ഇത് മഹാരഥികള് മുതലേ പരമ്പരയായി നടന്നുവരുന്നുണ്ട്. അപ്പോള് ബാപ്ദാദ എന്തു ചെയ്യും? ദേഷ്യപ്പെടുകയില്ലല്ലോ! പുഞ്ചിരിക്കും..ഇതിന്റെ വിശേഷ കാരണമാണ് സമയം പ്രതി സമയം പുരുഷാര്ത്ഥത്തെ വളരെ സഹജമാക്കി തന്നു എളുപ്പമാക്കി തന്നു. സ്വഭാവത്തെ ഈസി ആക്കുന്നില്ല സ്വഭാവത്തില് മുറുക്കം ഉണ്ടാകുന്നു, പുരുഷാര്ത്ഥത്തില് ഈസി ആകുന്നു. പിന്നെ ചിന്തിക്കുന്നു സഹജയോഗം അല്ലേ! എന്നാല് ജീവിതത്തില്, പുരുഷാര്ത്ഥത്തില് ഈസി ആകുക ഇതിനെ സഹജയോഗം എന്ന് പറയുകയില്ല. എന്തുകൊണ്ടെന്നാല് ഈസിയായി കഴിയുന്നതിലൂടെ ശക്തികള് അപ്രത്യക്ഷമാകുന്നു പ്രത്യക്ഷമാകുന്നില്ല. താങ്കള് എല്ലാവരും തന്റെ ബ്രാഹ്മണ ജീവിതത്തിന്റെ ആദിയുടെ സമയം ഓര്മ്മിക്കു. ആ സമയം എങ്ങനെ പുരുഷാര്ത്ഥമായിരുന്നു? ഈസി

പുരുഷാര്ത്ഥമായിരുന്നോ അതോ ശ്രദ്ധ വച്ചുള്ള പുരുഷാര്ത്ഥമായിരുന്നോ? ശ്രദ്ധ വെച്ചിട്ടായിരുന്നു, ഉണര്വ് ഉത്സാഹം ഉള്ളതായിരുന്നു. ഇപ്പോള് അലസതയുടെ ഡണ്ലപ്പ് തലയിണയിലും കിടക്കയിലും ആയിരിക്കുന്നു. സാധനങ്ങള് കൂടുതല് വിശ്രമപ്രിയരാക്കിയിരിക്കുന്നു. അപ്പോള് സ്വന്തം ആദി പുരുഷാര്ത്ഥത്തെ, ആദി സേവനത്തെ, ആദിയുടെ ഉണര്വുത്സാഹത്തെ പരിശോധിക്കൂ എന്തായിരുന്നു? വിശ്രമ പ്രിയരായിരുന്നുവോ? (ഇല്ല) ഇപ്പോള് അല്പ്പാല്പ്പം ആണോ? സാധനം സേവനത്തെ പ്രതിയാണ് സാധനം സ്വയത്തെ വിശ്രമപ്രിയരാക്കുവാന് അല്ല. അപ്പോള് ഡണ്ലപ്പിന്റെ തലയിണകളും കിടക്കകയും മാറ്റൂ. പട്ടറാണിമാരാകൂ, പട്ട രാജാവാകൂ. പായില് ഉറങ്ങിയാലും സ്ഥിതി പട്ടറാണി പട്ടരാജാവിന്റേതാകണം. നോക്കൂ ആദി സേവനത്തിന്റെ സമയത്ത് സാധനം ഇല്ലായിരുന്നു എന്നാല് സാധന എത്ര ശ്രേഷ്ഠമായിരുന്നു. ഈ മുഴുവന് അഭിവൃദ്ധിയും ചെയ്തു ആദിയിലെ സാധന. അപ്പോള് സാധനയുടെ ബീജത്തെ വിസ്താരത്തില് മറയ്ക്കാതിരിക്കൂ. ഇപ്പോള് വീണ്ടും ബീജത്തെ പ്രത്യക്ഷമാക്കൂ.

ബാപ്ദാദ ഈ സീസണില് ജോലി തന്നിട്ടുണ്ട് എന്നാല് ചെയ്തിട്ടില്ല. ഓര്മ്മയുണ്ടോ എന്താണ് നല്കിയിരുന്നത്? അതോ എഴുതിവെച്ചിട്ടേയുള്ളൂ! ജോലി നല്കിയിരുന്നു പരിധിയില്ലാത്ത വൈരാഗ്യവൃത്തിയെ പറ്റി സ്വയവും ചര്ച്ച ചെയ്യൂ പരസ്പരവും ചര്ച്ച ചെയ്യൂ പ്രാക്ടിക്കലില് ഈ സാധനയുടെ ബീജത്തെ പ്രത്യക്ഷമാക്കൂ. അപ്പോള് ചെയ്തുവോ? അതോ ഒരു ദിവസം വെറുതെ ഡിബേറ്റ് ചെയ്തു വര്ക്ക് ഷോപ്പ് ഉണ്ടായി എന്നാല് വര്ക്കിലേക്ക് വന്നില്ല. അതുകൊണ്ട് വര്ത്തമാന സമയത്തിനനുസരിച്ച് ഇപ്പോള് സ്വന്തം സേവനത്തിന്റെയും സേവാ സ്ഥാനങ്ങളുടെയും ദിനചര്യ പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയുടേതാക്കൂ. ഇപ്പോള് വിശ്രമത്തിന്റെ ദിനചര്യ കലര്ന്നിരിക്കുന്നു. ഈ ആലസ്യം ശരീരത്തിന്റെ ചെറിയ ചെറിയ രോഗങ്ങളെയും ഒഴിവു കഴിവാക്കുന്നു. ആദ്യം മുതലേ രോഗം ഉണ്ടായിരുന്നുവല്ലോ എന്നാല് സേവനത്തിന്റെ ഉത്സാഹം രോഗത്തെയും അപ്രത്യക്ഷമാക്കി. എപ്പോള് താങ്കള്ക്ക് ഇഷ്ടപ്പെട്ട സേവനം ഉണ്ടോ അപ്പോള് രോഗം ഓര്മ്മ വരാറുണ്ടോ? അഥവാ താങ്കളുടെ ഇന് ചാര്ജ് സഹോദരി പറയുകയാണ് വേണ്ട താങ്കളുടെ ആരോഗ്യം ശരിയല്ലല്ലോ മറ്റൊരാളെ കൊണ്ട് ചെയ്യിക്കാം, അപ്പോള് ചെയ്യിക്കുമോ?ആ സമയം പനിയും തലവേദനയും എവിടെ പോകുന്നു? എപ്പോഴെങ്കിലും ഇഷ്ടപ്പെടാത്ത സേവനമെന്തെങ്കിലും ആണെങ്കില് എന്താകും? തലവേദനയും വരും കാലുവേദനയും വരും. കേള്പ്പിച്ചിട്ടുണ്ടല്ലോ അഥവാ ഒഴികഴിവില് പനി പറയുകയാണെങ്കില് ടീച്ചര് പറയും തെര്മോമീറ്റര് വെക്കൂ എന്നാല് കാലു വേദനക്കും തലവേദനയ്ക്കും തെര്മോമീറ്റര് ഇല്ലല്ലോ. മൂഡ് ശരിയായിരിക്കില്ല അപ്പോള് പറയും കാല് വേദനയാണ്! അപ്പോള് ഇത് ആലസ്യത്തിന്റെ ന്യായീകരണമാണ്. പരിധിയില്ലാത്ത വൈരാഗ്യവൃത്തി അപ്രത്യക്ഷമായെങ്കില് ഒഴികഴിവ് പ്രത്യക്ഷമായി.

ബാപ്ദാദ കാണുകയായിരുന്നു എല്ലാ കുട്ടികളും വളരെ സ്നേഹത്തോടെ മധുബനില് എത്തിച്ചേര്ന്നിട്ടുണ്ട്. അപ്പോള് സ്നേഹം കാണിച്ച അതിന്റെ ആശംസകള്. ബാപ്ദാദയ്ക്കും കുട്ടികളുടെ സന്തോഷം കണ്ട് സന്തോഷം ആകുന്നു പക്ഷേ ഇനി എന്തു ചെയ്യണം. കേവലം മധുബന് വരെ എത്തണോ അഥവാ സ്നേഹത്തിന്റെ തെളിവ് കാണിക്കുന്നതിന് വേണ്ടി മാലാഖ രൂപത്തില് വതനത്തില് എത്തണോ? എന്തു ചെയ്യണം? മധുബനില് എത്തി അതിന്റെ ആശംസകള് എന്നാല് മാലാഖയായി വതനത്തില് എപ്പോള് എത്തും? നടക്കുമ്പോഴും കറങ്ങുമ്പോഴും താങ്കള് എല്ലാവരെയും മാലാഖയായി തന്നെ കാണുന്നു. സംസാരം പെരുമാറ്റം ജീവിതരീതി എല്ലാം മാലാഖയുടേതായി. മാലാഖയുടെ അര്ത്ഥം തന്നെ ഡബിള് ലൈറ്റ്. അപ്പോള് ദിനചര്യയില് ലൈറ്റ് ആകരുത് എന്നാല് സംബന്ധ സമ്പര്ക്കത്തില് സ്ഥിതിയില് ലൈറ്റ്. അപ്പോള് ലൈറ്റ് ആകാന് അറിയാമോ അതോ ഭാരം വലിക്കുന്നുണ്ടോ? ബാപ്ദാദ സ്നേഹത്തിന്റെ തെളിവ് കാണാന് ആഗ്രഹിക്കുന്നു. സ്നേഹത്തിന്റെ തെളിവ് നല്കുമ്പോള് താങ്കള്ക്ക് കൈയ്യടിക്കേണ്ടതിന്റെ ആവശ്യമില്ല എന്നാല് മായ കൂടി കൈയ്യടിക്കും ആഹാ വിജയി ആഹാ പ്രകൃതിയും കൈയ്യടിക്കും. അപ്പോള് ഇനി കുറച്ച് പരിവര്ത്തനം ചെയ്യൂ.

ഇപ്പോള് സ്വയത്തെ സ്നേഹത്തിന്റെ ഒപ്പം ശക്തി ശാലിയും ആക്കൂ. സ്വന്തം പരിവര്ത്തനത്തില് ശക്തിരൂപമാകൂ. സഹജയോഗി സഹജയോഗി എന്ന് പറഞ്ഞ് ആലസ്യം കൊണ്ടുവരാതിരിക്കൂ. ബാപ്ദാദ കാണുന്നു സ്വപ്രതി സേവനത്തെ പ്രതി മറ്റുള്ളവരുടെ സംബന്ധ സമ്പര്ക്കത്തെ പ്രതി ആലസ്യം കൂടി വന്നിരിക്കുന്നു. ഇങ്ങനെ വിചാരിക്കരുത് എല്ലാം നടക്കുന്നുണ്ട്. പരസ്പരം അനുകരിക്കരുത് ബാബയെ അനുകരിക്കൂ. മറ്റുള്ളവരെ നോക്കുന്നതിന്റെ ശീലം അല്പം കൂടിയിട്ടുണ്ട്. അവനവനെ നോക്കുന്നതില് അലസത വന്നിരിക്കുന്നു. ബാപ്ദാദ

കേള്പ്പിച്ചിട്ടുണ്ടായിരുന്ന സമീപദൃഷ്ടി ദുര്ബലമായി ദൂരദൃഷ്ടി തീവ്രമായിരിക്കുന്നു. ഇനി എന്തു ചെയ്യണം? സീസണിന്റെ ഫലം എന്തു നല്കും? അതോ വെറും ബാബ വന്നു കണ്ടു ആചരിച്ചു മുരളി കേട്ടു ഈ ഫലമാണോ? ഓരോ സീസണിന്റെ ഫലം ഉണ്ടാകുമല്ലോ? അപ്പോള് ഈ സീസണിന്റെ ഫലം ബാപ്ദാദയ്ക്ക് എന്ത് ഭോഗ് വെക്കും? ഭോഗ് വെക്കുമ്പോള് ഫലങ്ങളും വയ്ക്കാറുണ്ടല്ലോ? അത് ചന്തയില് ലഭിക്കുന്നത് വലിയ കാര്യമില്ല. ഇപ്പോള് ഈ സീസണിന്റെ ഫലം എന്താണ് വാഗ്ദാനം ചെയ്യുക അഥവാ ഭോഗ് വെക്കുക? വെക്കുമോ അതോ ബുദ്ധിമുട്ടാണോ? അപ്പോള് നോക്കാം നമ്പര് വണ് ഭോഗ് എവിടെ നിന്നാണ് വരിക. പ്രതിജ്ഞ വളരെ നന്നായി ചെയ്തിട്ട് പോകുന്നു ഒരിക്കലും പറ്റില്ല എന്ന് പറയുന്നില്ല ശരി എന്ന് തന്നെ പറയുന്നു. സന്തോഷിപ്പിക്കുന്നു. എന്നാല് ഇപ്പോള് എന്ത് ചെയ്യും? ടീച്ചേഴ്സ് നമ്പര് വണ് ഭോഗ് വെക്കില്ലേ? എല്ലാ സെന്ററുകളുടെയും ഭോഗ് നോക്കും. ഗൃഹസ്ഥികളും ഭോഗ് വെക്കുന്നില്ലേ അതോ സ്വയം തന്നെ കഴിക്കുകയാണോ? അപ്പോള് ഇത് ചിന്തിക്കരുത് സെന്ററില് ഉള്ളവരുടെ മാത്രം ജോലിയാണ്. എല്ലാവരുടെയും ജോലിയും ആണ്. അപ്പോള് ആജ്ഞാനവര്ത്തിയുടെ ചുവട് പ്രാക്ടിക്കലില് കൊണ്ടുവരണം.

നാലാമത്തെ ചുവട് വിശ്വസ്തത. ഒരിക്കലും മനസ്സുകൊണ്ട് ബുദ്ധികൊണ്ട് സങ്കല്പം കൊണ്ട് ബാബയോട് അവിശ്വസ്തരാകരുത്. വിശ്വസ്തന്റെ അര്ത്ഥം തന്നെ സദാ ഒരു ബാബ രണ്ടാമത് ഒരാളില്ല. സങ്കല്പത്തിലും ദേഹം, ദേഹത്തിന്റെ ബന്ധത്തിലും , ദേഹത്തിന്റെ പദാര്ത്ഥം അഥവാ ദേഹധാരി വ്യക്തി ആകര്ഷിക്കരുത്. എങ്ങനെ പതി പത്നി പരസ്പരം വിശ്വസ്തരാകുന്നു അപ്പോള് സ്വപ്നത്തില് പോലും അഥവാ പരസ്മരണ വന്നുവെങ്കില് വിശ്വസ്തര് എന്ന് പറയുകയില്ല. അപ്പോള് ബ്രഹ്മ ബാബയെ കണ്ടു സങ്കല്പം പോലും മറ്റൊരാളുടെ നേര്ക്ക് ഇല്ല. ഒരു ബാബ എല്ലാമാണ് , ഇതിനെയാണ് പറയുന്നത് വിശ്വസ്തത. അഥവാ പദാര്ത്ഥത്തിന്റെയും ആകര്ഷണം ഉണ്ട് സാധനങ്ങളുടെയും ആകര്ഷണമുണ്ട് എങ്കില് സാധന ഖണ്ഡിതമാകുന്നു , വിശ്വസ്തത ഖണ്ഡിക്കപ്പെടുന്നു. ഖണ്ഡിയ്ക്കപ്പെട്ടതിന് ഒരിക്കലും സമ്പന്നമെന്നോ പൂജ്യം എന്നോ മഹിമയില്ല. അപ്പോള് പരിശോധിക്കൂ സങ്കല്പത്തില് പോലും ഏതെങ്കിലും ആകര്ഷണം അവിശ്വസ്തരാക്കുന്നില്ലല്ലോ? അഥവാ അല്പമെങ്കിലും ആരോടെങ്കിലും വിശേഷ ചായ്വുണ്ട് , അല്പമെങ്കിലും വ്യക്തിപരമായ ചായ്വ്, ഗുണങ്ങളുടെ പേരില് ആകട്ടെ, സേവനത്തിന്റെ പേരില് ആകട്ടെ നല്ല സംസ്കാരങ്ങളുടെ പേരില് ആകട്ടെ അഥവാ എക്സ്ട്രാ പ്രഭാവിതമാകുന്നു എങ്കില് വിശ്വസ്തന് എന്ന് പറയുകയില്ല. എല്ലാവരുടെയും വിശേഷതയില്, പരിധിയില്ലാത്ത വിശേഷതയില് ആകര്ഷിതമാകുന്നു അത് വേറെ കാര്യം. എന്നാല് ഏതെങ്കിലും വിശേഷ വ്യക്തി അല്ലെങ്കില് വൈഭവത്തോട് ആകര്ഷിതമാകുന്നു എങ്കില് വിശ്വസ്തന്റെ ലിസ്റ്റില് ഖണ്ഡിതമായി പോകും. അപ്പോള് പരിശോധിക്കൂ ഖണ്ഡിത മൂര്ത്തി അല്ലല്ലോ? പൂജ്യം ആണോ? എവിടെയെങ്കിലും എക്സ്ട്രാ ചായ്വോ ആകര്ഷണമോ ഇല്ലല്ലോ? സങ്കല്പമാത്ര കൂടി ചായ് വ് ഇല്ല.വാചാ, കര്മ്മണായുടെ കാര്യം വിടൂ. എന്നാല് സങ്കല്പ മാത്ര പോലും ഉണ്ടെങ്കില് ഖണ്ഡിതരുടെ ലിസ്റ്റില് വരും.അതിനാല് പരിശോധിക്കാന് അറിയാമല്ലോ? ശരി

നാനാ ഭാഗത്തെയും സ്നേഹത്തിന്റെ തെളിവ് നല്കുന്ന, ഓരോ ആജ്ഞയേയും സങ്കല്പം, വാക്ക്, കര്മ്മത്തില് കൊണ്ടുവരുന്ന, സദാ സ്വയത്തെ ബാപ് സമാന് ലളിതവും മാതൃകയും ആക്കുന്ന, ബ്രഹ്മബാബയുടെ ഓരോ ചുവടില് ചുവട് വെച്ച് ഇങ്ങനെ ശക്തിശാലി ബാപ് സമാന് ആകുന്നതിന്റെ ദൃഢ സങ്കല്പധാരിയായ സര്വ്വ കുട്ടികള്ക്കും ബാപ്ദാദയുടെ സ്നേഹ സ്മരണ, നമസ്തേ.

**വരദാനം :-** സാക്ഷിയുടെ സ്ഥിതിയിലൂടെ ഹീറോ പാര്ട്ട് അഭിനയിക്കുന്ന സഹജ പുരുഷാര്ത്ഥിയായി ഭവിക്കട്ടെ.

സാക്ഷിത്വത്തിന്റെ സ്ഥിതി ഡ്രാമയ്ക്കുള്ളില് ഹീറോ പാര്ട്ട് അഭിനയിക്കുന്നതില് സഹയോഗിയാക്കുന്നു. അഥവാ സാക്ഷി ഭാവം ഇല്ലെങ്കില് ഹീറോ പാര്ട്ട് അഭിനയിക്കാന് കഴിയില്ല. സാക്ഷി അര്ത്ഥം ദേഹത്തിന് ഉപരി ആത്മാവ് യജമാനന്റെ സ്റ്റേജില് സ്ഥിതി ചെയ്യുന്നു. ദേഹത്തിനോടും സാക്ഷി യജമാനന്. ഈ ദേഹത്തിലൂടെ കര്മ്മം ചെയ്യിക്കുന്ന ഇങ്ങനെയുള്ള സാക്ഷി സ്ഥിതി തന്നെ സഹജ പുരുഷ പുരുഷാര്ത്ഥത്തിന്റെ അനുഭവം ചെയ്യിക്കുന്നു. എന്തുകൊണ്ടെന്നാല് ഈ സ്ഥിതിയില് ഒരുതരത്തിലുമുള്ള വിഘ്നം അഥവാ പ്രയാസം വരികയില്ല , ഇതാണ് മൂല അഭ്യാസം. ഇതേ അഭ്യാസത്തിലൂടെ അവസാനം വിജയിയാകും.

**സ്ലോഗന് :-** മാലാഖയാകണമെങ്കില് തന്റെ സര്വ്വ ബന്ധങ്ങളെയും ഒരു പ്രഭുവിനോടൊപ്പം ചേര്ക്കൂ.